**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **21-06-2024 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിന്റെ നവീകരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സി-ഡിറ്റിന്റെ നവീകരണത്തിനായി 2024-25 വർഷത്തെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള. പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>1. ആഗ്മെന്റ് റിയാലിറ്റി/ വിർച്ചൽ റിയാലിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കൽ<br>2. സെക്യൂരിറ്റി ഡോക്യുമെന്റ് പരിശോധനയ്ക്കായി ഫോറൻസിക് ലാബ് സ്ഥാപിക്കൽ.<br>3. ഇലക്ട്രോണിക് രേഖകൾ ആർക്കൈവ് ചെയ്യുന്നതിനുള്ള സംവിധാനം.<br>4. നിർമ്മിത ബുദ്ധി അധിഷ്ഠിതമായ ഡാറ്റാ അനലറ്റിക്സ് സംവിധാനം.<br>5. സോഫ്റ്റ് വെയർ വികസനം , സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം എന്നിവയിലെ ശേഷി വികസനത്തിനും, സെക്യൂരിറ്റി ഡാറ്റാ / നെറ്റ് വർക്ക് സജ്ജീകരണങ്ങൾ.<br>6. മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കലും ഗവേഷണ പ്രവർത്തനങ്ങളും<br>7. വെബ് ചാനൽ / വീഡിയോ ചിത്ര നിർമാണ സംവിധാനങ്ങളുടെ ശേഷി വികസനം. |
| (ബി) | സി-ഡിറ്റിനായി പട്ടത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | തിരുവനന്തപുരം പട്ടത്ത് സി-ഡിറ്റിന്റെ പുതിയ ഐ സി റ്റി കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കി തുറന്നു കൊടുക്കുന്നതിനു ലക്ഷ്യമിടുന്നു. ബി.എസ് എൻ എൽ (സിവിൽ വിഭാഗം) മുഖേന നടന്നു വരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ നിലവിൽ സിവിൽ വർക്കുകൾ 98 ശതമാനവും ഇലക്ട്രിക്കൽ വർക്കുകൾ 65ശതമാനവും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ